ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-12-2025** **TIME 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻ്റെ നാലു ദിവസത്തെ ഗോവ, കർണാടക, ഝാർഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കം.

   **President Draupadi Murmu's four day visit to Goa, Karnataka and Jharkhand will begin today.**

2. ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അധ്യക്ഷത വഹിക്കും.

   **Prime Minister Narendra Modi to chair fifth National Conference of Chief Secretaries in New Delhi today.**

3. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമസംഭവങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ.

   **India expresses grave concern over unremitting hostilities against minorities in Bangladesh.**

4. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ.

   **Prime Minister Narendra Modi will address the nation tomorrow in his monthly radio programme Mann Ki Baat.**

5. ശബരിമല മണ്ഡലകാല തീർഥാടനത്തിന് ഇന്ന് സമാപനം; മകരവിളക്കിനായി 30-ന് നട തുറക്കും.

   **The Sabarimala Mandala season ends today, shrine set to reopen on the 30th for the Makaravilakku festival.**

6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.

**The fourth match of the Women's T20 cricket series against Sri Lanka will take place tomorrow at the Greenfield Stadium in Kariavattom, Thiruvananthapuram.**

*******************************************

## PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നു മുതൽ ഗോവ, കർണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നാല് ദിവസത്തെ സന്ദർശനം നടത്തും. രാഷ്ട്രപതി ഇന്ന് വൈകുന്നേരം ഗോവയിലേക്ക് പോകും. നാളെ, കർണാടകയിലെ കാർവാർ തുറമുഖത്ത് നിന്ന് അന്തർവാഹിനിയിൽ കടൽ യാത്ര നടത്തും. തിങ്കളാഴ്ച, ജാർഖണ്ഡിലെ ജംഷഡ്പൂരിൽ ഓൾ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിലും എൻ.ഐ.ടി ജംഷഡ്പൂരിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും. ഈ മാസം 30-ന് ഝാർഖണ്ഡിലെ ഗുംലയിൽ നടക്കുന്ന അന്തർസംസ്ഥാന ജനസംസ്കാരിക സമാഗമ സമാരോഹ് കാർത്തിക് ജാത്രയിൽ രാഷ്ട്രപതി സംസാരിക്കും.

*******************************************

## CONFERENCE OF CHIEF SECRETARIES

അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന നാഴികക്കല്ലാണ് സമ്മേളനം. രാജ്യത്തിന്റെ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, ഭാവി വളർച്ച ത്വരിതപ്പെടുത്തുന്നതിനുമുള്ള ഏകീകൃത കർമ്മപദ്ധതി തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

************************************

## VAISHNAW-ELECTRONICS

ഇന്ത്യയുടെ മൂന്നാമത്തെ വലിയ കയറ്റുമതി മേഖലയായി - ഇലക്ട്രോണിക്സ് മേഖല മാറിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ നിർമ്മാണ രാജ്യമായി ഇന്ത്യ മാറിയതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു. മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ 1.3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും ശ്രീ വൈഷ്ണവ് പറഞ്ഞു .

************************************

## FOREX RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 4.3 ബില്യൺ യുഎസ് ഡോളർ വർദ്ധിച്ച് 693.3 ബില്യൺ യുഎസ് ഡോളറിലെത്തി. സ്വർണ്ണ ശേഖരം 2.6 ബില്യൺ യുഎസ് ഡോളർ വർദ്ധിച്ച് 110.3 ബില്യൺ യുഎസ് ഡോളറായി. വിദേശ കറൻസി ആസ്തി 1.6 ബില്യൺ യുഎസ് ഡോളർ വർദ്ധിച്ച് 559.4 ബില്യൺ യുഎസ് ഡോളറിലെത്തിയിട്ടുണ്ട്.

************************************

## RANDHIR JAISWAL- BANGLADESH - INTRO

ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ഉണ്ടാവുന്ന ആക്രമ സംഭവങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. ബംഗ്ലാദേശിൽ നടന്ന ഹിന്ദു യുവാവിന്റെ കൊലപാതകത്തെ അപലപിക്കുന്നതായും സംഭവത്തിനു പിന്നിലുള്ളവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ബംഗ്ലാദേശിൽ സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിനെ

ഇന്ത്യ പിന്തുണയ്ക്കുന്നതായും അദ്ദേഹം പറഞ്ഞു. 2026 ഫെബ്രുവരി 12 ന് ആണ് ബംഗ്ലാദേശിലെ പാർലമെന്റ് തിരഞ്ഞെടുപ്പ്.

(ഹോൾഡ് വോയിസ് )

***********************************

## DGCA-REPORT

ഇൻഡിഗോ വിമാനങ്ങളുടെ പ്രവർത്തന തടസ്സങ്ങളെക്കുറിച്ചുള്ള അന്വേഷണ സമിതി റിപ്പോർട്ട് സമർപ്പിച്ചു. ജോയിൻറ് ഡയറക്ടർ ജനറൽ സഞ്ജയ് കെ ബ്രഹ്മണെയുടെ നേതൃത്വത്തിലുള്ള സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഈ മാസം 5 നാണ് വിമാന തടസ്സങ്ങളുടെ സാഹചര്യങ്ങൾ അവലോകനം ചെയ്യുന്നതിന് നാലംഗ കമ്മിറ്റി രൂപീകരിച്ചത്.

***********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

***********************************

## PREZ-PM GURU GOBIND

അവസാന സിഖ് ഗുരുവായ ശ്രീ ഗുരു ഗോവിന്ദ് സിംഗിന്റെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരം അർപ്പിച്ചു . ഗുരു ഗോവിന്ദ് സിംഗിന്റെ ആശയങ്ങൾ ഏവർക്കും പ്രചോദനമാണെന്ന് രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഗുരു ഗോവിന്ദ് സിംഗിന്റെ ജന്മസ്ഥല ചിത്രങ്ങൾ പങ്ക് വെച്ചാണ് പ്രധാനമന്ത്രി ആദരം അർപ്പിച്ചത്.

**************************************

## RAILWAY-TRAIN CAPACITY

2030 ഓടെ 48 പ്രധാന നഗരങ്ങളിലെ ട്രെയിൻ ശേഷി ഇരട്ടിയാക്കുമെന്ന് ഇന്ത്യൻ റെയിൽവേ. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ എന്നിവിടങ്ങളാണ് യാത്ര ക്ലേശം പരിഹരിക്കുന്നതിനായി നവീകരിക്കുന്നത്. നഗരങ്ങളിലും പരിസരപ്രദേശത്തും പുതിയ ടെർമിനലുകൾ കണ്ടെത്താൻ റെയിൽവേ ബോർഡ് ചെയർമാൻ എല്ലാ സോണൽ റെയിൽവേ ജനറൽ മാനേജർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

**************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

**(ബ്രേക്ക്)**

**************************************

## SABARIMALA (INTRO)

മണ്ഡലകാലത്തിന് സമാപനം കുറിച്ച് ശബരിമലയിൽ മണ്ഡലപൂജ നടന്നു . രാവിലെ 10.20-നും 11.30- നും മധ്യേയായിരുന്നു പൂജ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധരൻ .....**

**(ഹോൾഡ്- വോയ്സ്)**

**************************************

## PANCHAYAT ELECTION

കേരളത്തിലെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും വൈസ് പ്രസിഡന്റുമാരേയും ഇന്ന് തിരഞ്ഞെടുക്കും. പ്രസിഡന്റുമാരുടെ തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. വൈസ് പ്രസിഡന്റുമാരുടെ തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം രണ്ടരയ്ക്ക് നടക്കും. എൽ ഡി എഫിലെ ബിനോയ് കുര്യൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറായും യു ഡി എഫിലെ മില്ലി മോഹൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറായും സത്യപ്രതിജ്ഞ ചെയ്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റായി പി.എ.ജബ്ബാർ ഹാജി ചുമതലയേറ്റു. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സി പിഐയുടെ ആർ ലതാദേവി തിരഞ്ഞെടുക്കപ്പെട്ടു. കെപിസിസി ജനറൽ സെക്രട്ടറി ജോഷി ഫിലിപ്പ് കോട്ടയം ജില്ലാ പഞ്ചായത് പ്രസിഡൻറായി ചുമതലയേറ്റു. എ മഹേന്ദ്രൻ ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡൻറായി സത്യപ്രതിജ്ഞ ചെയ്തു.

***********************************

## BIRD FLUE

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തി തുടരുന്നു. പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പക്ഷി വളർത്തലും വിപണനവും ഉപയോഗവും ഒരാഴ്ചത്തേക്ക് നിരോധിച്ചിട്ടുണ്ട്.

***********************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട്

പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

***********************************

## CRICKET

ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. ഇന്നലെ നടന്ന മൂന്നാം മത്സരത്തിൽ ഇന്ത്യ എട്ട് വിക്കറ്റിന് വിജയിച്ചിരുന്നു. ഇതോടെ അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലെത്തി.

***********************************

## IMD

ഉത്തർപ്രദേശിൽ അടുത്ത നാല് ദിവസത്തിൽ ശക്തമായ മൂടൽമഞ്ഞിന് സാധ്യതയുള്ള പശ്ചാത്തലത്തിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ബിഹാർ, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ സമാന കാലാവസ്ഥ തുടരുമെന്നും മുന്നറിയിപ്പ്. അതേസമയം ഡൽഹിയിലും തലസ്ഥാന മേഖലയിലും വായുഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ വായുഗുണനിലവാര സൂചിക 353 രേഖപ്പെടുത്തി.

***********************************

## GOLD RATE

സ്വർണവിലയിൽ വർധന. പവന് 880 രൂപ ഉയർന്ന് ഒരു ലക്ഷത്തി 3,560 രൂപയും, ഗ്രാമിന് 110 രൂപ വർധിച്ച് 12,945 രൂപയുമാണ് ഇന്നത്തെ വില.

***********************************

## CBI-SC-UNNAO CASE

ഉന്നാഓ കേസിൽ ഉത്തർ പ്രദേശ് എംഎൽഎക്ക് ജാമ്യം നൽകിയ ഡൽഹി ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീം കോടതിയെ സമീപിച്ച് സിബിഐ. ഈ ആഴ്ച ഡൽഹി ഹൈക്കോടതി ജീവപര്യന്തം തടയുകയും ഉപാധികളോടെ ജാമ്യം നൽകുകയും ചെയ്തിരുന്നു. ഹൈക്കോടതിയുടെ തീരുമാനത്തിനെതിരെ സിബിഐ ഇന്നലെ സുപ്രീം കോടതിയിൽ പ്രത്യേക അവധി ഹർജി ഫയൽ ചെയ്തു.

**********************************

## J&K-RUN FOR UNITY

റൺ ഫോർ യൂണിറ്റി-ജമ്മു മാരത്തൺ 2025 ജമ്മു കശ്മീരിലെ ഗുൽഷൻ ഗ്രൗണ്ടിൽ നാളെ നടക്കും . ഐക്യം, ഫിറ്റ്നസ്, പൊതുജന പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുക ലക്ഷ്യമിട്ട് ജമ്മു കശ്മീർ പോലീസ് ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

**********************************

## JAMMU- RAILWAY

പുതുവത്സരാഘോഷ വേളയിൽ യാത്രക്കാരുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി ന്യൂഡൽഹിക്കും ശ്രീ മാതാ വൈഷ്ണോ ദേവി കത്രയ്ക്കും ഇടയിൽ പ്രത്യേക ട്രെയിൻ സർവീസ് നടത്തുമെന്ന് വടക്കൻ റെയിൽവേ ജമ്മു ഡിവിഷൻ. തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടെയും തിരക്ക് കണക്കിലെടുത്താണ് തീരുമാനം. 16 കോച്ചുകൾ അടങ്ങുന്ന പ്രത്യേക ട്രെയിൻ സർവീസുകൾ ഇന്ന് മുതൽ അടുത്ത മാസം 1 വരെ സർവീസ് നടത്തും.

**********************************

## MH ATS INVESTIGATIONS

ഭീകര സംഘടനയായ അൽ-ഖ്വയ്ദ അഫ്ഗാനിസ്ഥാനിലെ സെർവറുകളും മറ്റ് നിയന്ത്രണ സംവിധാനങ്ങളും ഉപയോഗിച്ച് ഇന്ത്യയിൽ തീവ്ര ആശയങ്ങൾ പ്രചരിപ്പിക്കുന്നതായി മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്ക്വാഡ്. ഭീകര സംഘടനയുമായി ബന്ധമുണ്ടെന്ന സംശയത്തെതുടർന്ന് അറസ്റ്റിലായ ആളെ ചോദ്യം ചെയ്യുപ്പോഴാണ് നിർണായക വിവരങ്ങൾ കണ്ടെത്തിയത്.

**********************************

## RUSSIA-UKRAINE ATTACK

യുക്രെൻ തലസ്ഥാനമായ കീവിൽ ആക്രമണം നടത്തി റഷ്യ. ഹൈപ്പർസോണിക് ബാലിസ്റ്റിക് മിസൈലുകൾ ഉൾപ്പെടെ ഉപയോഗിച്ചതായി ആണ് റിപ്പോർട്ട് . റഷ്യയുമായുള്ള യുദ്ധം പരിഹരിക്കാൻ അമേരിക്കയിലെ ഫ്ലോറിഡയിൽ യുക്രെനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയും യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് ഒരു ദിവസം മുമ്പാണ് ആക്രമണം.

******************************************************************************************************
******************